(ഡി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി ((ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) :

(എ) ഇല്ല.

(ബി) ഇതിനുള്ള നടപടി ഫിഷറീസ് ഡിപ്പാർട്ടുമെന്റും കേരള മത്സ്യത്തൊഴിലാളിക്ഷേമ കോർപ്പറേഷനും സംയുക്തമായി എടുത്തു വരുന്നു.

(സി ആൻറ് ഡി) ഇപ്പോഴം അങ്ങനെയൊരു പദ്ധതി ഗവൺമെൻറിന് ഇല്ല. പക്ഷേ, ഇപ്രകാരമുള്ള മത്സ്യത്തൊഴിലാളികൾക്ക് ചെറിയ ഉപതൊഴിലുകൾ തുടങ്ങാൻ മത്സ്യതൊഴിലാളി ക്ഷേമ കോർപ്പറേഷൻ മുഖേന ധനസഹായം നൽകാൻ പരിപാടിയുണ്ട്.

നേഴ്സുമാരുടെ യൂണിഫോറം

*249 [264] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേഴ്സുമാരുടെ യൂണിഫോറത്തിൽ മാറ്റം വരുത്തുന്നതിനു ഗവൺമെൻറു തീരുമാനം എടുത്തുവോ;

(ബി) എടുത്തുവെങ്കിൽ ഏതെല്ലാം വിധത്തിലാണ് യൂണിഫോറത്തിൻെറ മാറ്റങ്ങൾ;

(സി) ഈ മാറ്റം എല്ലാവിഭാഗം നേഴ്സുമാർക്കും തൃപ്തികരമായില്ല എന്നുള്ള അവരുടെ സംഘടനാ ഭാരവാഹികളുടെ പ്രസ്താവന ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എല്ലാവർക്കും തൃപ്തികരമായ ഒരു സംവിധാനം നടപ്പാക്കാൻ എന്തുനടപടികളാണ് ഗവൺമെൻറ് എടുക്കുവാൻ പോകുന്നത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ) :

(എ) തീരുമാനമെടുത്തിട്ടുണ്ട്.

(ബി) വെള്ള സാരിയും വെള്ള ബ്ലൗസും, വെള്ള ഓവർ കോട്ടുമാണ് പുതിയ യൂണിഫോറം.

(സി ആൻറ് ഡി) വെള്ള സാരിയും വെള്ള ബ്ലൗസുമാണ് ആദ്യം മാറ്റം അനുവദിച്ചത്. എന്നാൽ ഓവർകോട്ടുകൂടി അനുവദിക്കാത്തതിലായിരുന്നു നേഴ്സ് സംഘടനകളുടെ അതൃപ്തി. അതു കൂടി പരിഗണിച്ചാണ് ഓവർകോട്ടുകൂടി അനുവദിച്ചുകൊണ്ട് 17.2.1979-ൽ വീണ്ടും ഉത്തരവു നൽകിയത്.

രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർദ്ധനവ്

*250 [265] ശ്രീ. വട്ടിയൂർക്കാവ് രവി:
,, എസ്. തങ്കപ്പൻചിള്ള:
,, ആർ. സുന്ദരേശൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങൾക്കും കീടനാശിനികൾക്കും ക്രമാതീതമായി വിലവർദ്ധിച്ചിരിക്കുകയാണ് എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly